## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 893 03.12.2014-ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴയിൽ പൈങ്കുളം തടയണ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ: | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭാരതപ്പുഴയിൽ പൈങ്കുളം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെപ്പോഴാണെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | 02/11/2009-ലെ G.O (Rt) No.1226/2009/WRD പ്രകാരം ഭാരതപ്പുഴയിൽ പൈങ്കുളം തടയണ നിർമ്മാണത്തിന് 1000ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 26/02/2014-ലെ G.O (Rt) No.219/2014/WRD പ്രകാരം 1600ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ; | (സി) | ഭരണാനുമതി ലഭിച്ചതിന് ശേഷം പരിശോധനാ നടപടികൾ പൂർത്തിയാക്കി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ അംഗീകരിച്ച രൂപരേഖ 08/02/2011-ൽ ലഭിക്കുകയുണ്ടായി. അതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഈ സമയങ്ങളിൽ പി.ഡബ്ല്യു.ഡി നിരക്കുകൾ വർദ്ധിപ്പിച്ചതു കാരണം എസ്റ്റിമേറ്റ് വീണ്ടും പുതുക്കേണ്ടി വന്നു. അതനുസരിച്ച് G.O (Rt) No.219/2014/WRD തീയതി 26/02/2014 പ്രകാരം 1600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഡൽഹി ഷെഡ്യൂൾ നിരക്കും സെൻട്രൽ പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷനും പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതിക്കു വേണ്ടി സർക്കാർ പരിശോധിച്ചു വരുന്നു. |

| ചോദ്യം | ഉത്തരം |
| --- | --- |
| (ഡി) കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ സാങ്കേതികാനുമതി നൽകുന്നതാണെന്ന ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരുടെ ഉറപ്പ് ശ്രദ്ധയിലുണ്ടോ; | (ഡി) & (ഇ) നിശ്ചിത സമയപരിധിക്കുള്ളിൽ സാങ്കേതികാനുമതി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും കാലാകാലങ്ങളിൽ ഉണ്ടായ നിരക്ക് വർദ്ധനമൂലം എസ്റ്റിമേറ്റ് വീണ്ടും പുതുക്കേണ്ടി വന്നത് മൂലമുള്ള കാരണങ്ങളാലാണ് സാങ്കേതികാനുമതി നൽകുവാൻ കാലതാമസമുണ്ടായത് |
| (ഇ) എങ്കിൽ എന്തുകൊണ്ടാണ് ഈ ഉറപ്പ് പാലിക്കാത്തതെന്നും തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിൽ വീണ്ടും ഗുരുതരമായ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**